## HADIA CSE Khutba Notes (12.04.2019)

# ഒരുമിച്ചു നിൽക്കാം

ഇന്ത്യൻ മുസ്‌ലിംകളെ സംബന്ധിച്ചെടുത്തോളം 2019 പാർലമെന്റ് തെരഞ്ഞെടുപ്പ് ഏറെ നിർണായകമാണ്. മുസ്‌ലിംകളെല്ലാവരും ഒറ്റക്കെട്ടായി നിൽക്കേണ്ടതിന്റെ അടിയന്തിര ഘട്ടമാണിത്.

ബദ്ർ യുദ്ധ കാലത്ത് ഇറങ്ങിയ ആയത്ത് കാണുക:

وَأَطِيعُوا اللَّهَ وَرَسُولَهُ وَلَا تَنَازَعُوا فَتَفْشَلُوا وَتَذْهَبَ رِيحُكُمْ ۖ وَاصْبِرُوا ۚ إِنَّ اللَّهَ مَعَ الصَّابِرِينَ (٤٦) - انفال

ഐക്യപ്പെടുമ്പോൾ പല പ്രയാസങ്ങളുണ്ടാകുമെന്നത് സ്വാഭാവികം. പല വിട്ടുവീഴ്ചകളും ചെയ്യേണ്ടി വരും. അതുകൊണ്ടാണ് (واصبروا) നിങ്ങൾ ക്ഷമിക്കുവീൻ എന്ന് അല്ലാഹു പറയുന്നത്.

സൂറത്തുൽ ഹുജറാത്തിന് സൂറത്തുൽ അഖ്‌ലാഖ് എന്നും പേരുണ്ട്. ഈ സൂറത്തിൽ പെരുമാറ്റങ്ങളെ കുറിച്ച് പല സൂചനകളുമുണ്ട്. ഈ സൂറത്തിൽ അല്ലാഹു പറയുന്നത് കാണുക:

إِنَّمَا الْمُؤْمِنُونَ إِخْوَةٌ فَأَصْلِحُوا بَيْنَ أَخَوَيْكُمْ ۚ وَاتَّقُوا اللَّهَ لَعَلَّكُمْ تُرْحَمُونَ (١٠) حجرات

നിസ്കാരത്തിൽ തഖ്‌വയുണ്ടാകണം എന്ന് മറ്റിടങ്ങളിൽ പറയുന്ന പോലെ ഇവിടെ ഒന്നിപ്പിന്റെ കാര്യത്തിലും അല്ലാഹുവിനെ സൂക്ഷിക്കണം എന്ന് പറയുന്നു. എങ്കിലേ അല്ലാഹുവിന്റെ റഹമത്ത് ലഭിക്കൂ. റഹമത് ലഭിക്കണമെങ്കിൽ ഐക്യം വേണം. ഐക്യമില്ലാത്തത് കൊണ്ടാണ് നാം പരാചയപ്പെടുന്നത്.

قَالَ أَنَسُ بْنُ مَالِكٍ قَالَ لِي رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَا بُنَيَّ إِنْ قَدَرْتَ أَنْ تُصْبِحَ وَتُمْسِيَ لَيْسَ فِي قَلْبِكَ غِشٌّ لِأَحَدٍ فَافْعَلْ ثُمَّ قَالَ لِي يَا بُنَيَّ وَذَلِكَ مِنْ سُنَّتِي وَمَنْ أَحْيَا سُنَّتِي فَقَدْ أَحَبَّنِي وَمَنْ أَحَبَّنِي كَانَ مَعِي فِي الْجَنَّةِ

ഈ ഹദീസിന്റെ രണ്ടാം ഭാഗം മാത്രമേ നാം പറയാറുള്ളൂ. എന്നാൽ താടിയും തൊപ്പിയും മിസ് വാക്കും ഒന്നുമല്ല ഇവിടെ തിരുചര്യയായി പറയുന്നത്. മറിച്ച് ആരോടും വിദ്വേഷമില്ല എന്നതാണ്.

وَاعْتَصِمُوا بِحَبْلِ اللَّهِ جَمِيعًا وَلَا تَفَرَّقُوا ۚ وَاذْكُرُوا نِعْمَتَ اللَّهِ عَلَيْكُمْ إِذْ كُنتُمْ أَعْدَاءً فَأَلَّفَ بَيْنَ قُلُوبِكُمْ فَأَصْبَحْتُم بِنِعْمَتِهِ إِخْوَانًا وَكُنتُمْ عَلَىٰ شَفَا حُفْرَةٍ مِّنَ النَّارِ فَأَنقَذَكُم مِّنْهَا ۗ كَذَٰلِكَ يُبَيِّنُ اللَّهُ لَكُمْ آيَاتِهِ لَعَلَّكُمْ تَهْتَدُونَ (١٠٣) وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ وَيَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنكَرِ ۚ وَأُولَٰئِكَ هُمُ الْمُفْلِحُونَ (١٠٤) وَلَا تَكُونُوا كَالَّذِينَ تَفَرَّقُوا وَاخْتَلَفُوا مِن بَعْدِ مَا جَاءَهُمُ الْبَيِّنَاتُ ۚ وَأُولَٰئِكَ لَهُمْ عَذَابٌ عَظِيمٌ (١٠٥) – آل عمران

അക്രമവും അനീതിയും അഴിമതിയും കൊള്ളയും കൊലയുമെല്ലാം യാതൊരു വെറുപ്പും അറപ്പുമില്ലാതെ ചെയ്യുന്ന ഇന്നത്തെ ഭരണകൂടത്തെ തുടച്ചുനീക്കുക എന്നത് നമ്മുടെ ബാധ്യതയാണ്. നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്ന ഒരു വിഭാഗം നമ്മിൽ നിന്നുണ്ടാവണമെന്ന് അല്ലാഹു പറയുന്നു. അല്ലാഹുവിന്റെ മാർഗം മുറുകെ പിടിച്ച് ഒറ്റക്കെട്ടായി സമരം ചെയ്താൽ മാത്രമേ ലക്ഷ്യം കാണൂ. വ്യക്തമായ അനീതിയും അക്രമവും കൊള്ളയും ബോധ്യപ്പെട്ടിട്ടും തെളിവുകൾ ലഭിച്ചിട്ടും അതിനെതിരെ പോരാടാതെ ഭിന്നിച്ച് നിൽക്കുന്നവരെ പോലെ നാമും ആവരുത്. കർമമണ്ഡലത്തിലേക്കിറങ്ങുക തന്നെ വേണം.

അല്ലാഹു നമുക്ക് ചെയ്തു തന്ന ഏറ്റവും വലിയ നിഅ്മത്തായി എടുത്ത് പറയുന്നത് ഐക്യം ഉണ്ടാക്കി എന്നതാണ്. (فألف بين قلوبكم)

**HADIA CSE Khutba Notes (12.04.2019)**

# ഒരുമിച്ചു നിൽക്കാം

യുദ്ധത്തിൽ ശത്രുവിന്റെ വീര്യം ചോർത്തിക്കളയാനുള്ള അടവുകൾ എടുക്കുക എന്നത് പ്രധാനമാണ്. താടിയും മുടിയും കറുപ്പിക്കാനുള്ള അനുമതി യോദ്ധാക്കൾക്ക് ഇസ്‌ലാം നൽകുന്നതിന്റെ കാരണവും ഇതു തന്നെയാണ്.

എന്നാൽ ഇന്ന് നമ്മുടെ അനൈക്യം കാരണം ശത്രുക്കളുടെ വീര്യം കൂടുകയാണ്. നമുക്കിടയിലെ അഭിപ്രായ വ്യത്യാസങ്ങൾ നമുക്കിടയിൽ തന്നെ തീർക്കാവുന്നതാണ്. പൊതു പ്രശ്നങ്ങളിൽ ഇതെടുത്ത് ഉന്നയിച്ച് ശത്രുവിന്റെ വീര്യം കൂട്ടരുത്. നാം ഭിന്നിച്ചാൽ നമ്മെ കുറിച്ചുള്ള പേടി അവർക്കില്ലാതെയാകും.

عن جابر بن عبد الله أن النبي صلى الله عليه وسلم قال أعطيت خمسا لم يعطهن أحد قبلي نصرت بالرعب مسيرة شهر وجعلت لي الأرض مسجدا وطهورا فأيما رجل من أمتي أدركته الصلاة فليصل وأحلت لي المغانم ولم تحل لأحد قبلي وأعطيت الشفاعة وكان النبي يبعث إلى قومه خاصة وبعثت إلى الناس عامة - بخاري

ശത്രുക്കളിൽ ഭയം നൽകി അല്ലാഹു കാരണം ഒരു തിരുനബി (സ്വ)യെ സഹായിക്കുകയുണ്ടായി. കിസ്റ കൈസറുമാർക്ക് തിരുനബി (സ്വ)യോട് അടുക്കാൻ ഭയമായിരുന്നു. സ്വഹാബികൾക്കിടയിലെ ഐക്യവും പരസ്പര സഹായവും കാരണമായിരുന്നു ഇതെന്ന് മനസ്സിലാക്കാം.

مُّحَمَّدٌ رَّسُولُ اللَّهِ ۚ وَالَّذِينَ مَعَهُ أَشِدَّاءُ عَلَى الْكُفَّارِ رُحَمَاءُ بَيْنَهُمْ ۖ تَرَاهُمْ رُكَّعًا سُجَّدًا يَبْتَغُونَ فَضْلًا مِّنَ اللَّهِ وَرِضْوَانًا ۖ

നമ്മിലെ ഇസ്‌ലാമിന്റെ ഐശ്വര്യം നഷ്ടപ്പെട്ട് അത് മൊട്ടയായിപ്പോകുന്നതിനെ കുറിച്ച് തിരുനബി (സ്വ) പറയുന്നു:

عَنْ أَبِي الدَّرْدَاءِ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَلَا أُخْبِرُكُمْ بِأَفْضَلَ مِنْ دَرَجَةِ الصِّيَامِ وَالصَّلَاةِ وَالصَّدَقَةِ قَالُوا بَلَى قَالَ صَلَاحُ ذَاتِ الْبَيْنِ فَإِنَّ فَسَادَ ذَاتِ الْبَيْنِ هِيَ الْحَالِقَةُ

ആളുകൾക്കിടയിൽ ഫസാദ് ഉണ്ടാക്കുന്നത് നമ്മിലെ ദീൻ നശിച്ചു പോകുന്നതിന് കാരണമാകും.

عَنِ الزُّبَيْرِ ، أَنّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : " دَبَّ إِلَيْكُمْ دَاءُ الأُمَمِ قَبْلَكُمُ : الْحَسَدُ وَالْبَغْضَاءُ هِيَ الْحَالِقَةُ ، لا أَقُولُ تَحْلِقُ الشَّعْرَ وَلَكِنْ تَحْلِقُ الدِّينَ ، وَالَّذِي نَفْسِي بِيَدِهِ لا تَدْخُلُوا الْجَنَّةَ حَتَّى تُؤْمِنُوا ، وَلا تُؤْمِنُوا حَتَّى تَحَابُّوا ، أَلا أُنَبِّئُكُمْ بِمَا يُثَبِّتُ ذَلِكَ لَكُمْ ، أَفْشُوا السَّلامَ بَيْنَكُمْ"

ഇവിടയും ദീനിനെ മൊട്ടയാക്കുന്ന കാര്യമായാണ് ഈ അനൈക്യത്തെ പറയുന്നത്.

ഐക്യപ്പെടാത്തവരുടെ പാപം പൊറുക്കില്ല

عن أبي هريرة أن رسول الله صلى الله عليه وسلم قال تفتح أبواب الجنة يوم الاثنين ويوم الخميس فيغفر لكل عبد لا يشرك بالله شيئا إلا رجلا كانت بينه وبين أخيه شحناء فيقال أنظروا هذين حتى يصطلحا أنظروا هذين حتى يصطلحا أنظروا هذين حتى يصطلحا – (مسلم)

من إخوانكഎന്ന് ഖബറിൽ ചോദിക്കുമ്പോൾ അതിന് ഉത്തരം പറയാൻ കഴിയണമെങ്കിൽ ഭൂമിക്കു മുകളിൽ എല്ലാ മുസ്‌ലിംകളെയും ഇഖ് വാൻ ആയി കാണാൻ സാധിക്കണം.

**HADIA CSE Khutba Notes (12.04.2019)**

# ഒരുമിച്ചു നിൽക്കാം

സർഗത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് മനുഷ്യരിലുള്ള എല്ലാ വെറുപ്പുകളും ഉരിഞ്ഞു കളിയുമെന്ന് അല്ലാഹു പറയുന്നു. അതായത് വെറുപ്പിന്റെ ആളുകൾക്ക് സ്വർഗത്തിൽ സ്ഥാനമില്ല.

إِنَّ الْمُتَّقِينَ فِي جَنَّاتٍ وَعُيُونٍ (٤٥) ادْخُلُوهَا بِسَلَامٍ آمِنِينَ (٤٦) وَنَزَعْنَا مَا فِي صُدُورِهِم مِّنْ غِلٍّ إِخْوَانًا عَلَىٰ سُرُرٍ مُّتَقَابِلِينَ (٤٧) سورة الحجر

അതുകൊണ്ടു തന്നെ നമ്മുടെ സ്ഥിരം പ്രാർത്ഥനയാണ്:

وَالَّذِينَ جَاءُوا مِن بَعْدِهِمْ يَقُولُونَ رَبَّنَا اغْفِرْ لَنَا وَلِإِخْوَانِنَا الَّذِينَ سَبَقُونَا بِالْإِيمَانِ وَلَا تَجْعَلْ فِي قُلُوبِنَا غِلًّا لِّلَّذِينَ آمَنُوا رَبَّنَا إِنَّكَ رَءُوفٌ رَّحِيمٌ (١٠) – سورة الحشر

നാം പരസ്പരം കാത്തു സൂക്ഷിക്കേണ്ട ചില ഐക്യ സന്ദേശങ്ങൾ കാണുക:

عن أبي هريرة رضي الله عنه: وما حسن الخلق يا رسول الله؟قال: { تصل مَنْ قطعك، وتعفو عمن ظلمك، وتُعطي من حرمك} [رواه البيهقي

عَنْ جَابِرٍ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " الْمُؤْمِنُ إِلْفٌ مَأْلُوفٌ ، وَلا خَيْرَ فِي مَنْ لا يُأْلَفُ ، وَخَيْرُ النَّاسِ أَنْفَعُهُمْ لِلنَّاسِ " .

عَنْ عَبْدِ اللَّهِ بْنِ عُمَرَ , قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " لا يَجْمَعُ اللَّهُ هَذِهِ الأُمَّةَ عَلَى ضَلالَةٍ أَبَدًا " . قَالَ : " يَدُ اللَّهِ مَعَ الْجَمَاعَةِ , فَاتَّبِعُوا السَّوَادَ الأَعْظَمَ , فَإِنَّهُ مَنْ شَذَّ شَذَّ فِي النَّارِ

عن الْبَرَاءَ بْنَ عَازِبٍ ، قَالَ : كَانَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِذَا قَامَ إِلَى الصَّلاةِ يَمْسَحُ مَنَاكِبَهُمْ أَوْ صُدُورَهُمْ ، وَيَقُولُ : " اسْتَوُوا وَلا تَخْتَلِفُوا فَتَخْتَلِفَ قُلُوبُكُمْ. "

ബദ്റിലെ വിജയത്തിനു ശേഷം ഉഹ്ദിൽ പരാചയപ്പെടാനുണ്ടായ കാരണം നേതൃത്വത്തിന്റെ നിർദേശങ്ങൾ ശ്രദ്ധിക്കാതെ അമ്പെയ്ത്തുകാരിൽ ചിലർ കുന്നിൽ നിന്ന് താഴെ ഇറങ്ങിയതായിരുന്നല്ലോ.

രണ്ടു പേർക്കിടയിൽ ഐക്യമുണ്ടാക്കാൻ കളവ് പറയുന്നത് പോലും പ്രശ്നമില്ലെന്നാണ്

أن أمه أم كلثوم بنت عقبة أخبرته أنها سمعت رسول الله صلى الله عليه وسلم يقول ليس الكذاب الذي يصلح بين الناس فينمي خيرا أو يقول خيرا - بخاري

ഐക്യത്തിന് വേണ്ടി ചർച്ച ചെയ്യുന്നതും ഗൂഢാലോചന ചെയ്യുന്നതും നല്ലതാണ്

لَّا خَيْرَ فِي كَثِيرٍ مِّن نَّجْوَاهُمْ إِلَّا مَنْ أَمَرَ بِصَدَقَةٍ أَوْ مَعْرُوفٍ أَوْ إِصْلَاحٍ بَيْنَ النَّاسِ ۚ وَمَن يَفْعَلْ ذَٰلِكَ ابْتِغَاءَ مَرْضَاتِ اللَّهِ فَسَوْفَ نُؤْتِيهِ أَجْرًا عَظِيمًا (١١٤) – نساء

ബനൂ ഇസ്റാഈൽ പശുവിനെ ആരാധിക്കുന്നതിനെ എതിർക്കാതിരുന്നത് ചോദ്യം ചെയ്ത മൂസാ നബി (അ)നോട് സഹോദരൻ ഹാറൂൻ നബി (അ) പറഞ്ഞ മറുപടിയിലും ഐക്യ സന്ദേശം കാണാം

**HADIA CSE Khutba Notes (12.04.2019)**

# ഒരുമിച്ചു നിൽക്കാം

قَالَ يَا ابْنَ أُمَّ لَا تَأْخُذْ بِلِحْيَتِي وَلَا بِرَأْسِي ۖ إِنِّي خَشِيتُ أَن تَقُولَ فَرَّقْتَ بَيْنَ بَنِي إِسْرَائِيلَ وَلَمْ تَرْقُبْ قَوْلِي (٩٤)

മുസ്‌ലിംകൾക്കിടയിലെ ഐക്യം പ്രകടിപ്പിക്കുന്ന പല ആരാധനകളും ഇസ്‌ലാമിൽ കാണാം.

ഹജ്ജും നോമ്പും സകാത്തും ജമാഅത്ത് നിസ്കാരവുമെല്ലാം ഇതിന് ഉദാഹരണമാണ്.

ഓരോ മുസ്‌ലിം സഹോദരനും ജമാഅത്തിലേക്ക് കടന്നു വരുമ്പോൾ അതെല്ലാം നമ്മുടെ കൂലി വർദ്ധിക്കാൻ കാരണമാവുകയാണ്. അതിനാൽ തന്നെ ഓരോരുത്തരോടും നമ്മുടെ കടപ്പാട് വർദ്ധിക്കുന്നു.

عن أبي الدرداء قال سمعت رسول الله صلى الله عليه وسلم يقول ما من ثلاثة في قرية ولا بدو لا تقام فيهم الصلاة إلا قد استحوذ عليهم الشيطان فعليك بالجماعة فإنما يأكل الذئب القاصية

രണ്ടാളുകൾ ഒരുമിച്ച് യാത്ര ചെയ്യുമ്പോൾ ഒരാളെ അമീറാക്കണം എന്ന് തിരുനബി (സ്വ)യുടെ നിർദേശമുണ്ട്. നേതൃത്വത്തെ അംഗീകരിച്ച് ഐക്യത്തോടെ ജീവിക്കേണ്ടതിന്റെ ആവശ്യകത ഇത് വിളിച്ചോതുന്നുണ്ട്.

**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in
**For any clarification: Mob: 9447418451**